ഭരണഭാഷ-മാതൃഭാഷ

# വേങ്ങര ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 676304
GSTIN:32AALS3533J1Z3 ഫോൺ നമ്പർ : 0494-2450226
mpmvengaragp@gmail.com

നമ്പർ: 4685024-2026 | തീയതി : 23-06-2026

## പുനർ ലേല പരസ്യം

വേങ്ങര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാൻഡ് പിരിവ് 2026 ജൂലൈ മുതൽ 2027 മാർച്ച് 31 വരെ ഉപയോഗിക്കുന്നതിനുള്ള അവകാശം 2026 ജൂൺ 30 ചൊവ്വാഴ്ച പകൽ 11മണിക്ക് വേങ്ങര ഗ്രാമപഞ്ചായത്ത് കോൺഫെറൻസ് ഹാളിൽ വച്ച് പരസ്യമായി ലേലം ചെയ്തു നൽകുന്നതാണ് .ഈ ദിവസം ഒരു പൊതു അവധി ദിവസമായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം സ്ഥലത്തിനും സമയത്തിനും മാറ്റമില്ലാതെ നടത്തുന്നതായിരിക്കും.

**ലേല നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ നിർബന്ധമായും തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

2. നിരത ദ്രവ്യമായി 2500 രൂപ കെട്ടിവെക്കേണ്ടതാണ്.

3.നിശ്ചിത തുക നിരതദ്രവ്യമായി കെട്ടിവയ്ക്കാത്തവരെയും ഏതെങ്കിലും വിധത്തിലുള്ള കുടിശ്ശിക പഞ്ചായത്ത് ഓഫീസിൽ ഒടുക്കാനുള്ളവരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല .

4. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ലേലം നടത്തുന്നതാണ് .

5.ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചിട്ടുള്ള മിനിമം തുകയിൽ ലേലം ആരംഭിക്കുകയും കൂടിയ തുകയ്ക്ക് വിളിക്കുന്ന ആളിന്റെ പേരിൽ താത്കാലികമായി ലേലം ഉറപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ് .ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതിനോ മാറ്റിവയ്ക്കുന്നതിനോ നിരാകരിക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥനു അധികാരം ഉണ്ടായിരിക്കുന്നതാണ് .

6.ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ചയാൾ അപ്പോൾത്തന്നെ ലേലസംഖ്യയുടെ മൊത്തം തുകയും പഞ്ചായത്തിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്

7..ലേലം അന്തിമമായി അംഗീകരിച്ച് അറിയിപ്പ് ലഭിച്ച രണ്ട് ദിവസത്തിനകം നിശ്ചിത നിരക്കിലുള്ള മുദ്രപത്രത്തിൽ കരാർ സമർപ്പിക്കേണ്ടതാണ് . ലേലതുക ഒന്നായി ഒടുക്കി രസീത് വാങ്ങേണ്ടതാണ്. യാതൊരു കാരണവശാലും ഗഡുക്കൾ അനുവദിക്കുന്നതല്ല.

8.. ലേലം പിടിച്ച ഇനങ്ങളുടെ നടത്തിപ്പിനും സംരക്ഷണത്തിനും ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതാണ്.

Scanned with OKEN Scanner

9.. ലേലം വിളി കേട്ട ആൾ ലേലത്തുക മുഴുവൻ ഒടുക്കാതിരുന്നാൽ അടച്ചിട്ടുള്ള നിരതദ്രവ്യം നഷ്ടപ്പെടുന്നതും ലേലം അവകാശം റദ്ദാക്കി പുനർ ലേലം നടത്തുകയോ തൊട്ടു താഴെയുള്ള തുകയ്ക്ക് ലേലം വിളിച്ച് ആൾക്ക് ലേലാവകാശം നൽകുന്നതോ ആയിരിക്കും തന്മൂലം ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലേലം വിളി കേട്ടയാൾ ഉത്തരവാദി ആയിരിക്കും.

10. ലേലവകാശം അന്തിമമായി സ്ഥിരപ്പെടുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനും ഉള്ള അവകാശം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

11. ലേല തുകയോടൊപ്പം ജിഎസ്ടി ഇനത്തിൽ 18% തുക കൂടി അടക്കേണ്ടതാണ്.

12..ലേലം കൊള്ളുന്നയാൾ കേരള പഞ്ചായത്തീരാജ് ആക്ട് 1994 കേരള പഞ്ചായത്തീരാജ് (വസ്തു ആർജിക്കലും കയ്യൊഴിയൽ ചട്ടങ്ങൾ) 2005 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

13.ലേലത്തെ സംബന്ധിച്ച്കൂടുതൽ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവർത്തി ദിനങ്ങളിൽ നേരിട്ട് അറിയാവുന്നതാണ്.

Document certified by LAKSHMI K B
<LAKSHMIKB1999@GMAIL.COM>
Digitally signed by LAKSHMI K B
Date: 2026.06.23 15:39:31 IST
Reason: KSMART

Scanned with OKEN Scanner